©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2018 ആഗസ്റ്റ് 7<br>7th August 2018<br>1193 കർക്കടകം 22<br>22nd Karkadakam 1193<br>1940 ശ്രാവണം 16<br>16th Sravana 1940 | നമ്പർ<br>No. | 32 |

# PART III

# Fisheries Department

**ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ/ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ദക്ഷിണ മേഖല) തിരുവനന്തപുരത്തിന്റെ നടപടിക്രമം**

(ഹാജർ : ഡോ. എം. ലൈലാബീവി)

(1)

നമ്പർ എഫ് 2/3374/91(1). 2018 ജൂൺ 28.

വിഷയം:—ഫിഷറീസ്— സഹകരണം—തരിശു പറമ്പ് മത്സ്യ ഉത്പാദക സഹകരണസംഘം (ക്ലിപ്തം) നമ്പർ എഫ് (ടി) 437-സമാപ്തീകരണ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:— ഈ ആഫീസിലെ 15-2-1989-ലെ എഫ്1/4818/87-ാം നമ്പർ ഉത്തരവ്.

തരിശു പറമ്പ് മത്സ്യ ഉത്പാദക സഹകരണസംഘം (ക്ലിപ്തം) നമ്പർ എഫ് (ടി) 437-ന്റെ പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 71(2) ബി പ്രകാരം സമാപ്തീകരിച്ചു കൊണ്ടും ചിറയിൻകീഴ് ഫിഷറി ഡെവലപ്പ്മെന്റ് ഓഫീസറെ ലിക്വിഡേറ്ററായി നിയമിച്ചു കൊണ്ടും മേൽ പരാമർശ ഉത്തരവ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ ടി ഉത്തരവ് തീയതി മുതൽ 29 വർഷം കഴിഞ്ഞിട്ടും അന്തിമ സമാപ്തീകരണ റിപ്പോർട്ട് സമർപ്പിക്കുവാൻ ലിക്വിഡേറ്ററുടെ നിയന്ത്രണങ്ങൾക്കതീതമായ കാരണങ്ങളാൽ കഴിഞ്ഞിട്ടില്ല. കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 72 പ്രകാരം നിയമിക്കപ്പെട്ട ലിക്വിഡേറ്റർ നിയമന തീയതി മുതൽ മൂന്ന് വർഷ കാലാവധിയ്ക്കുള്ളിൽ അന്തിമ സമാപ്തീകരണ റിപ്പോർട്ട് സമർപ്പിക്കേണ്ടതായുണ്ട്. ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് പരമാവധി അനുവദനീയമായ 3 വർഷ കാലാവധി കഴിഞ്ഞ സാഹചര്യത്തിൽ മേൽ പരാമർശ ഉത്തരവിന് നിയമപരമായി നിലനിൽപ്പില്ല.

മേൽ സാഹചര്യത്തിൽ ഫിഷറി ഡെവലപ്പ്മെന്റ് ഓഫീസർ, ചിറയിൻകീഴിനെ ടി സംഘത്തിന്റെ ലിക്വിഡേറ്റർ ആയി നിയമിച്ചുകൊണ്ടുള്ള മേൽ പരാമർശിത ഉത്തരവ് റദ്ദ് ചെയ്തു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(2)

നമ്പർ എഫ് 2/3374/91(2). 2018 ജൂൺ 28.

വിഷയം:—ഫിഷറീസ്— സഹകരണം—തരിശു പറമ്പ് മത്സ്യ ഉത്പാദക സഹകരണസംഘം (ക്ലിപ്തം) നമ്പർ എഫ് (ടി) 437-സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:—(1) ഈ ആഫീസിലെ 15-2-1989-ലെ എഫ്1/4818/87-ാം നമ്പർ ഉത്തരവ്.

(2) ഈ ആഫീസിലെ 28-6-2018-ലെ ഇതേ നമ്പർ ഉത്തരവ്.

തരിശു പറമ്പ് മത്സ്യ ഉത്പാദക സഹകരണസംഘം (ക്ലിപ്തം) നമ്പർ എഫ് (ടി) 437-ന്റെ പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘത്തെ താഴെ പറയുന്ന കാരണങ്ങളാൽ 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 71(2) ബി പ്രകാരം സമാപ്തീകരിച്ചുകൊണ്ടും ചിറയിൻകീഴ് ഫിഷറി ഡെവലപ്പ്മെന്റ് ഓഫീസറെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ടും മേൽ പരാമർശ ഉത്തരവ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

1. സംഘം ഭരണ സമിതിയ്ക്ക് ബൈലാ പ്രകാരം പ്രവർത്തനം നടത്തുന്നതിന് യാതൊരു താൽപര്യവുമില്ല.
2. സംഘം ആഫീസ് തുറന്നു പ്രവർത്തിക്കാറില്ല.
3. സംഘത്തിന് നെയിം ബോർഡ് ഉള്ളതായി കാണുന്നില്ല.
4. സംഘത്തിന് നിയമാനുസൃതമായ ഭരണസമിതിയില്ല.
5. സംഘം രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുകയോ വരവ് ചെലവ് കണക്കുകൾ സമർപ്പിക്കുകയോ ചെയ്യുന്നില്ല.

എന്നാൽ ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കി അന്തിമ സമാപ്തീകരണ റിപ്പോർട്ട് സമർപ്പിക്കുന്നതിന് അനുവദനീയമായ പരമാവധി കാലയളവായ 3 വർഷം കഴിഞ്ഞ് 26 വർഷത്തിലധികമായതിനാൽ മേൽ (1)-ാം പരാമർശിത ഉത്തരവിന് നിയമ സാധുത ഇല്ലാത്തതിനാൽ ടി ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് മേൽ പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ 2 ആർ 60 ചതുരശ്ര മീറ്റർ സ്ഥലവും രണ്ട് കെട്ടിടങ്ങളും സ്വന്തമായുള്ള ടി സംഘം കഴിഞ്ഞ 29 വർഷത്തിലധികകാലമായി യാതൊരു പ്രവർത്തനങ്ങളുമില്ലാത്ത അവസ്ഥയിലാണുള്ളത്. മേൽ സാഹചര്യത്തിൽ ടി സംഘത്തിന്റെ പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 71(2) ബി പ്രകാരം സമാപ്തീകരിച്ചു കൊണ്ടും ചിറയിൻകീഴ് ഫിഷറി ഡെവലപ്പ്മെന്റ് ഓഫീസറെ ലിക്വിഡേറ്ററായി നിയമിച്ചു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ അടിയന്തിരമായി ചുമതല ഏറ്റെടുക്കേണ്ടതും സംഘത്തിന്റെ ആസ്തികളും രേഖകളും കൈവശപ്പെടുത്തി നിയമാനുസൃത നടപടികൾ സ്വീകരിച്ച് അന്തിമ സമാപ്തീകരണ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാറുടെ കാര്യാലയം (ദക്ഷിണ മേഖല), തിരുവനന്തപുരം.

(ഒപ്പ്)
ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ/
ഫിഷറീസ് ജോയിന്റ് ഡയറക്ടർ.

---